# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5726 3.11.2016-ൽ മറുപടിയ്ക്ക്
### കോഴി വളർത്തലിന് കെപ്കോ മുഖേനയുള്ള പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | അഡ്വ.കെ.രാജു (വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കെപ്കോ മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കെപ്കോ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളാണ് കെപ്കോ ആശ്രയ,കെപ്കോ നഗരപ്രിയ, കോൾ നിലങ്ങളിലെ കോഴി കൃഷി,റൂറൽ ബാക്ക്യാർഡ് പൗൾട്രി പ്രൊഡക്ഷൻ,കോഴി വളർത്തൽ പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ വഴി, കോഴി വളർത്തൽ ഗ്രാമങ്ങൾ, പട്ടികജാതിക്കാർക്കുള്ള കോഴി വളർത്തൽ പദ്ധതി ,കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി എന്നിവ.<br>കൂടാതെ കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂർ ജില്ലയിലെ മാള എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി പ്രജനന കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴി കുഞ്ഞുങ്ങളെ ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കർഷകരിലൂടെ വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ വിവിധ പദ്ധതികൾക്ക് വിതരണം ചെയ്തു വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കർഷകരിലൂടെ വളർത്തിയെടുത്ത് 45 ദിവസം പ്രായമാകുമ്പോൾ കെപ്കോയുടെ പ്രോസസിംഗ് പ്ലാന്റിൽ കൊണ്ട് വന്നു സംസ്കരിച്ച് കെപ്കോ ചിക്കൻ തയ്യാറാക്കുന്നു. അതിനു പുറമേ കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ആവശ്യക്കാരായ കർഷകർക്ക് കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നു. |
| ബി) വീടുകളിൽ മുട്ടക്കോഴി വളർത്തുന്നതിന് കൂടുകളും മറ്റും സബ്സിഡിയോടെ കെപ്കോ മുഖേന നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ? | ബി) വീടുകളിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും നടപ്പിലാക്കി വരുന്ന ''നഗരപ്രിയ പദ്ധതി'' പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 5 കോഴി, 5 കിലോ തീറ്റ, മരുന്ന്, 1650 രൂപ വില വരുന്ന കൂട് എന്നിവ നൽകുന്നു. ഇതിൽ കൂടിന് ഗുണഭോക്തൃ വിഹിതമായി 850 രൂപ മാത്രം അടച്ചാൽ മതി.ബാക്കി തുക സബ്സിഡിയാണ്. |

സെക്ഷൻ ഓഫീസർ